## ഗുരുവിന്റെ സ്വന്തം മഹാത്മജി

രവീന്ദ്രനാഥ ടാഗോറിന്റെ ഗാന്ധിജിയുമായുള്ള ആത്മബന്ധം വിവരിയ്ക്കാതെ അദ്ദേഹത്തിന്റെ ജീവിതം പറഞ്ഞവസാനിപ്പിയ്ക്കുവാൻ ആർക്കും തന്നെയാവില്ല. ഗാന്ധിജി സ്വന്തം 'ഗുരുദേവ'നെന്ന് വിശേഷിപ്പിച്ച ആ മഹത്വ്യക്തിത്വം ഗാന്ധിജിയെ നാമിന്നും ആദരപൂർവ്വം വിശേഷിപ്പിയ്ക്കുന്ന 'മഹാത്മ' എന്ന വിശേഷണം നൽകി തന്റെ ആദരം രാജ്യത്തിന്റെയാകെത്തന്നെ ആദരമെന്ന് കാലത്തിനു സാക്ഷ്യപ്പെടുത്തി. രാഷ്ട്രീയപരമായി വിരുദ്ധ കാഴ്ചപ്പാടുകൾ പുലർത്തുമ്പോഴും പരസ്പരമുള്ള സ്നേഹബഹുമാനങ്ങളിൽ ഇത് കലർത്തിയിരുന്നില്ല. ഗാന്ധിജിയുടെ സ്വതന്ത്ര ചിന്താഗതിയേയും ലാളിത്യത്തെയും മഹാമനസ്കതയെയും ടാഗോർ ബഹുമാനിച്ചു. തന്റെ സ്ഥാപനത്തിന്റെ നടത്തിപ്പിനായി ആവശ്യത്തിന് സമ്പത്ത് ഇല്ലാതെ വിഷമിച്ച കാലഘട്ടത്തിൽ, 75 വയസ്സിന്റെ ശാരീരിക ആകുലതകളും ഭീമമായ കടബാധ്യതകളും അനാരോഗ്യവും ടാഗോറിനെ വല്ലാതെ അലട്ടി. എങ്കിൽ പോലും ചിത്രാംഗദ എന്ന നാടകം പല സ്ഥലങ്ങളിലായി അവതരിപ്പിച്ച് ഫണ്ട് സ്വരൂപിക്കുവാൻ ടാഗോർ തീരുമാനിക്കുകയും തന്റെ നാടകട്രൂപ്പുമായി നിരവധി സ്ഥലങ്ങളിൽ ആ വയോധികനായ കവി നിരന്തരം യാത്ര ചെയ്യുകയും ചെയ്തു. ഇതിൽ മനംനൊന്ത ഗാന്ധിജി അദ്ദേഹത്തിന്റെ അനുയായികളുമൊത്ത് അറുപതിനായിരം രൂപ സമാഹരിച്ച് ടാഗോറിന്റെ സ്ഥാപനത്തിനു നൽകി. സ്ഥാപനനടത്തിപ്പിനായി



സാമ്പത്തിക ബാധ്യതയിൽപ്പെട്ടുഴലുന്ന ടാഗോറിന് ആ തുക വലിയൊരനുഗ്രഹം തന്നെയായിരുന്നു. 1932 സെപ്തംബർ 27 ന് പൂനെയിലെ ശിവാജി മന്ദിറിൽ നടത്തിയ മഹാത്മജിയുടെ ജന്മദിനാശംസാപ്രസംഗത്തിൽ ടാഗോർ ഇപ്രകാരം പറഞ്ഞു "സാധാരണ ഗതിയിൽ, മനുഷ്യർ പരിമിതമായ അയൽപക്കത്ത് ജനിയ്ക്കുന്നു; ഇവിടെ ബന്ധുജനങ്ങളോടൊത്ത് മരിക്കും വരെ അവർ സാധാരണ ജീവിതം നയിക്കുന്നു. അവരുടെ ഏതാനും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഹൃദയത്തിലൊരു ഇരിപ്പിടം എന്ന ജന്മാവകാശത്തെക്കുറിച്ച് ഉറപ്പു നല്കുന്ന ഈ പ്രത്യേക ദിനം അവർ എല്ലാവർഷവും ആസ്വദിയ്ക്കുന്നു. എന്നാൽ മഹാത്മാക്കൾ ജീവിതത്തിന്റെ വിശാലതലങ്ങളിൽ ജനിയ്ക്കുന്നു, അവരെ ജനങ്ങളും രാജ്യങ്ങളും അംഗീകരിയ്ക്കുന്നു. അവരുടെ ജന്മദിനം ആഘോഷിക്കുമ്പോൾ സർവ്വകാലത്തേയ്ക്കും അവർ നമ്മുടെ സ്വന്തമാണെന്ന് മനസ്സിലാക്കുക മാത്രമല്ല അവരിലൂടെ മർത്ത്യ ലോകവുമായുള്ള നമ്മുടെ ആത്മീയമായ അടുപ്പവും നമുക്കനുഭവപ്പെടുന്നു. ഉപനിഷത്തുക്കളിൽ, മനുഷ്യഹൃദയങ്ങളിൽ ആവസിയ്ക്കുന്ന ഈശ്വരനെ മഹാത്മാ എന്ന് പരാമർശിച്ചിരിക്കുന്നു എന്ന് നമുക്കറിയാം. നാം ബഹുമാനിയ്ക്കുന്ന ഈ മനുഷ്യന് (ഗാന്ധിജി) ആ വിശേഷണം കൊടുത്തത് തികച്ചും ശരിയാണ്; കാരണം വ്യക്തിപരമായ ബോധത്തിന്റെ വളപ്പിനുള്ളിലല്ല അദ്ദേഹം ആവസിയ്ക്കുന്നത്. ഇന്ന് ഇന്ത്യയിൽ ജനിയ്ക്കുന്ന അസംഖ്യം ജനങ്ങളുടെയും ഇനി ജനിക്കാനിരിയ്ക്കുന്നവരുടെയും ഹൃദയങ്ങളിലാണ് അദ്ദേഹം വസിക്കുന്നത്." ഈ വാക്കുകൾ ടാഗോറിലെ ക്രാന്തദർശിയായ സാഹിത്യകാരന്റേതാണെന്ന് ഗാന്ധിജിയുടെ ചരിത്ര-വർത്തമാന-ഭാവി ചിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

1935 നുശേഷം ടാഗോർ തന്റെ മോശമായ ആരോഗ്യസ്ഥിതിയിൽ യാത്ര ചെയ്യരുതെന്ന ഗാന്ധിജിയുടെ നിർദ്ദേശത്തെ മാനിച്ച് യാത്രകൾ റദ്ദുചെയ്തു. ബോൽപുർ, കൽക്കട്ട, കാലിംപോഹ് എന്നിവിടങ്ങളിൽ മാത്രമായി അദ്ദേഹത്തിന്റെ യാത്രകൾ ചുരുക്കി. ഈ ദിനങ്ങൾ അദ്ദേഹത്തെ തന്റെ പാരതന്ത്ര്യം നിറഞ്ഞ കുട്ടിക്കാലം ഓർമ്മപ്പെടുത്തി. പരിചാരകരാൽ നിയന്ത്രിയ്ക്കപ്പെടുന്നില്ല എന്ന ഒരൊറ്റ വ്യത്യാസം മാത്രം ഒഴിച്ചു നിർത്തിയാൽ! ടാഗോറിലെ നിരന്തരസഞ്ചാരിയുടെ ദുഃഖം അല്പമെങ്കിലും ആശ്വാസം കണ്ടെത്തിയത് അപ്പോഴും മൂന്നു ചെറിയ വീടുകളിൽ മാറിമാറി താമസിച്ചുകൊണ്ടായിരുന്നു. ശ്യാമിലി, പുനശ്ഛ, ഉദിചി എന്നിങ്ങനെ പേരുള്ള വീടുകളിൽ താമിസിച്ച് ചുറ്റുപാടുകളുടെ വ്യത്യസ്തത ആസ്വദിയ്ക്കുന്ന ആ കവിഹൃദയം ആനന്ദം തേടി. ഈ കാലഘട്ടത്തിൽ അസുഖബാധിതനായ അദ്ദേഹത്തിന്റെ മനസ്സാക്ഷിയെ നോവിച്ച സംഭവമായിരുന്നു രണ്ടാംലോകമഹായുദ്ധം. പരിക്ഷീണനായ അദ്ദേഹം നിസ്സഹായനായി തന്റെ മാതൃരാജ്യത്തെ ജനങ്ങളെ ബ്രിട്ടീഷുകാർ അവരുടെ അധികാര ചൂഷണത്തിലൂടെ യുദ്ധത്തിന് നിർബ

ന്ധപൂർവ്വം പറഞ്ഞുവിടുന്നത് നോക്കിക്കണ്ടു. അദ്ദേഹത്തിന്റെ ആരോഗ്യം ദിനംപ്രതി ക്ഷയിച്ചുവന്നു. അവസാനനാളുകൾ അടുക്കുന്നതായി അദ്ദേഹത്തിനറിയാമായിരുന്നു. തന്റെ സ്വകാര്യ ആകുലതകൾ ഒന്നും തന്നെ സാമൂഹ്യ പ്രതിബദ്ധതയെ ബാധിയ്ക്കുവാൻ ടാഗോർ ഒരിയ്ക്കലും അനുവദിച്ചിരുന്നില്ല. അതുകൊണ്ടുതന്നെയാണ് തീരെ അവശനായ അദ്ദേഹത്തെ സന്ദർശിയ്ക്കുന്നതിനായി 1940 ൽ ബംഗാളിൽ എത്തിയ ഗാന്ധിജിയ്ക്ക് അദ്ദേഹം തന്റെ സ്വപ്നസാക്ഷാത്കാരമായ വിശ്വഭാരതിയുടെ തുടർസംരക്ഷണാവകാശം ഏറ്റെടുക്കുവാൻ അപേക്ഷിച്ചുകൊണ്ട് കത്ത് നൽകിയത്. തന്നാലാവുന്ന തരത്തിൽ എല്ലാ സംരക്ഷണ സഹായങ്ങളും നൽകുമെന്ന് അന്ന് ഉറപ്പു പറഞ്ഞ മഹാത്മജി ആ വാക്കുകൾ സാർത്ഥകമാക്കിക്കൊണ്ട് വിശ്വഭാരതിയെ പിന്നീട് സെൻട്രൽ യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിന് നേതൃത്വം നൽകി.